രൂപയ്ക്കുള്ള ഭരണാനുമതി നൽകുകയുണ്ടായി. ആ പാലം പൊളിച്ച് അവിടെത്തന്നെ പണിയുന്നതുകൊണ്ട് നിലവിലുള്ള പാലം പൊളിക്കുകയും മറ്റൊരു വഴിയിൽകൂടി ഗതാഗതം തിരിച്ചുവിടുകയും ചെയ്തു. ഗതാഗതം തിരിച്ചുവിട്ട ഒരു ഭാഗത്തുള്ള റോഡ് മുനിസിപ്പാലിറ്റിയുടേതായിരുന്നു. നിർഭാഗ്യവശാൽ മുനിസിപ്പാലിറ്റി ആ റോഡ് നന്നാക്കാൻ സമ്മതിച്ചില്ല. അതുകാരണം ആ പദ്ധതി കൊല്ലങ്ങളോളം നീണ്ടുപോയി. പിന്നീട് മറ്റൊരു അലൈൻമെന്റ് കണ്ടുപിടിച്ചു. ആ അലൈൻമെന്റ് വന്നപ്പോഴും മുനിസിപ്പാലിറ്റിയും പാലം നിർമ്മാണകമ്മിറ്റിയും തമ്മിലുള്ള തർക്കംമൂലം വളരെകാലം നീണ്ടുപോയി. അവസാനം ഇപ്പോൾ 19 ലക്ഷത്തിലധികം രൂപ ചെലവ് വരുന്ന ഒരു എസ്റ്റിമേറ്റ് ഗവൺമെന്റിന്റെ മുമ്പിലുണ്ട്. ഏകദേശം അതിന്റെ അലൈൻമെന്റ് എല്ലാം തീരുമാനിച്ചിട്ടുണ്ട്. ഇതിന് എന്തെങ്കിലും താമസമുണ്ടായിട്ടുണ്ടെങ്കിൽ അതിൽ ഏറിയ പങ്ക് ഉത്തരവാദിത്വവും പുനലൂർ മുനിസിപ്പാലിറ്റിക്കാണെന്നുള്ള കാര്യം ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്. ഇനി മേലിലെങ്കിലും ആ തടസ്സം ഉണ്ടാകാതിരിക്കാൻ മെമ്പർ ശ്രദ്ധിക്കുകയാണെങ്കിൽ ഈ വർഷംതന്നെ പാലത്തിന്റെ പണി തുടങ്ങാൻ സാധിക്കും.

(6) എ. പി. മോഹനന്റെ കൊലപാതകം

ശ്രീ. വി. ദിനകരൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പുന്നപ്ര പഞ്ചായത്തിൽ കഴിഞ്ഞ വ്യാഴാഴ്ച മൂന്നു മണിയോടുകൂടി നടന്ന ഒരു അരുംകൊലപാതകത്തിന്റെ ദയനീയചിത്രം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും സഭയുടേയും ശ്രദ്ധയിൽകൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണ്. അടിയന്തിരപ്രമേയത്തിന് പ്രാധാന്യമുള്ള ഒരു വിഷയമാണ്. അത് അവതരിപ്പിക്കാൻ ബാധ്യസ്ഥരായവർ തയ്യാറാകാത്തതുകൊണ്ടാണ് ഞാൻ ഈ പ്രശ്നം അവതരിപ്പിക്കുന്നത്. പുന്നപ്ര പഞ്ചായത്തിലെ സി. പി. ഐ. യുടെ അറവുകാട് ബ്രാഞ്ച് സെക്രട്ടറിയും പുന്നപ്ര ലോക്കൽ കമ്മിറ്റി മെമ്പറും എ. ഐ. വൈ. എഫ്. താലൂക്ക് കമ്മിറ്റി മെമ്പറുമായിരുന്ന ശ്രീ. എ. പി. മോഹനൻ എന്ന ചെറുപ്പക്കാരനെ കഴിഞ്ഞ വ്യാഴാഴ്ച പകൽ മൂന്നരമണിക്ക് അദ്ദേഹത്തിന്റെ വീട്ടുമുറ്റത്തുവച്ച് നാല്പതോളം വരുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ പ്രവർത്തകർ വടിവാൾ, കഠാരി, മഴു തുടങ്ങിയ മാരകായുധങ്ങളുപയോഗിച്ച് മൃഗീയമായി കൊലപ്പെടുത്തി. ഞാൻ ആ വീട്ടിൽ പോയിരുന്നു. നാലു സഹോദരിമാരും രണ്ട് സഹോദരൻമാരും വൃദ്ധയായ മാതാവുമാണ് മോഹനന്റെ വീട്ടിലുള്ളത്. മൃത്ത സഹോദരന്റെ ഒരു കൈ വാത്സല്യംപിടിച്ച് തളർന്നിരിക്കുകയാണ്. വൃദ്ധയായ മാതാവും ആ സഹോദരനും വാവിട്ടുകരഞ്ഞുകൊണ്ട് കൊല്ലരുതേ എന്നു പറഞ്ഞു. എന്നാൽ അവരുടെ മുമ്പിലിട്ട് നിഷ്ഠൂരമായി കൊലചെയ്തു. കുടൽ വെളിയിൽചാടി തലയറ്റുകിടന്നു. ഇവർ ആയുധവുമായി വരുന്നത് കണ്ട ആരോ ഒരാൾ പോലീസിൽ റിപ്പോർട്ടുചെയ്തു. പോലീസുകാർ വന്നു. ആ സമയത്ത് അവർ ക്രൂരകൃത്യം നടത്തി രക്ഷപ്പെട്ടു കഴിഞ്ഞിരുന്നു.

സർ, ആ സംഭവം വിവരിക്കാൻപോലും ആ വൃദ്ധയായ മാതാവും സഹോദരീസഹോദരൻമാരും തയ്യാറാകുന്നില്ല. എന്റെകൂടെ വന്നവർ ആരാണെന്നറിഞ്ഞതിനുശേഷം മാത്രമാണ് ആ വിവരംതന്നെ പറയാൻ

LIBRARY ARCHIVES Kerala Legislative Assembly

അവർ തയ്യാറായത്. അവിടെ സംഘർഷം നിലനിൽക്കുകയാണ്. സി. പി. ഐ.യുടെ രണ്ട് പ്രവർത്തകർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ക്രൂരമായി വെട്ടേറുകിടക്കുന്ന സ്ഥിതിയാണ്. സി. പി. ഐ. (എം.) ന്റെ സംസ്ഥാനസെക്രട്ടറി ശ്രീ. വി. എസ്. അച്യുതാനന്ദൻ താമസിക്കുന്ന പഞ്ചായത്തിലാണ് ഈ സംഭവം നടന്നിരിക്കുന്നത്. പുന്നപ്ര പഞ്ചായത്തിൽ സി. പി ഐ. ലോക്കൽ കമ്മിറ്റി ഓഫീസിൽനിന്നും ഒരു നോട്ടീസ് ഇറക്കി. ആ നോട്ടീസിന്റെ തലവാചകമെന്താണെന്ന് അറിയാമോ? "സഖാവ് എ. പി. മോഹനനെ മാർക്സിസ്റ്റ് കാപാലികർ വെട്ടിയും കുത്തിയും കൊലപ്പെടുത്തി". കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് ഗുണ്ടകളാണ് അദ്ദേഹത്തെ കൊലപ്പെടുത്തിയത്. സി. പി. ഐ. ക്കാരെ ഇതിനുമുൻപും കൊല ചെയ്തിട്ടുണ്ട്. ശ്രീ. പി. കെ. വാസുദേവൻ നായർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഇതുപോലെയുള്ള സംഭവമുണ്ടായിട്ടുണ്ട്. മരിച്ച, മരവിച്ച മനസ്സുമായി നിങ്ങളുടെ പ്രവർത്തകർ ഇവിടെ ഇരിക്കുകയാണ്. ജോയിക്കുട്ടിജോസിനെ അടിച്ച് അവശനാക്കിയ സംഭവത്തിലും എ. പി. മോഹനനെ ക്രൂരമായി മർദ്ദിച്ച് അവശനാക്കി കൊലപ്പെടുത്തിയ സംഭവത്തിലും യാതൊരു വികാരവുമില്ലാതെ പ്രതിപക്ഷങ്ങളിരിക്കുകയാണ്. അവിടത്തെ ജനങ്ങൾ ഭയവിഹ്വലരായിരിക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കുവാൻ അടിയന്തിരമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, പുന്നപ്ര പറവൂർ പ്രസന്നന്റെ വക മോട്ടോർ വർക്ഷോപ്പിനു് അസ്ഥിവാരമിടാൻ മണ്ണെടുത്തുകൊണ്ടിരുന്നത് അവിടത്തെ എ. ഐ. ടി. യു. സി. തൊഴിലാളികളായിരുന്നു; ഈ ജോലി നടന്നുകൊണ്ടിരുന്ന അവസരത്തിൽ അവിടെ സി. ഐ. ടി. യു. വിൽപ്പെട്ടതൊഴിലാളികൾക്കും ജോലികിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സി. പി. എം.-ലെ ഏതാനും പ്രവർത്തകർ സമീപിച്ചു. പുതുതായി ആരെയും ആവശ്യമില്ലെന്ന് പറഞ്ഞുകൊണ്ട് എ. ഐ. ടി. യു. സി. തൊഴിലാളികൾ ജോലി ചെയ്തുവരുന്ന അവസരത്തിൽ അവിടെ ഏറുമുട്ടലുണ്ടായി. അവസാനം മോഹനൻ എന്നുപറയുന്നയാളെ വെട്ടി പരിക്കേൽപ്പിച്ചു. അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരണമടയുകയാണുണ്ടായത്. അദ്ദേഹത്തിന്റെ ശവശരീരം പോസ്റ്റ്മോർട്ടം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസ് രജിസ്റ്റർ ചെയ്തു. പ്രതികളെ അറസ്റ്റ് ചെയ്തില്ല. മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകർ എ. ഐ. ടി. യു. സി.യുടെ പ്രവർത്തകരെ കൊലപ്പെടുത്തിയെന്നുള്ള വികാരത്തിന്റെ പേരിൽ എ. ഐ. ടി. യു. സി. യുടെ ഏതാനും പ്രവർത്തകൻമാർ മാർക്സിസ്റ്റ് പ്രവർത്തകരുടെ നേരെയും ആക്രമണം നടത്തിയിട്ടുണ്ട്. അതിനു് എതിരേയും കേസ് എടുത്തിട്ടുണ്ട്. ഗവൺമെന്റ് ഈ രണ്ട് സംഭവത്തെസംബന്ധിച്ചും അവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. വിശദവിവരങ്ങൾ ഈ സമയത്ത് പറയാനാഗ്രഹിക്കുന്നില്ല. അതുപോലെതന്നെ രണ്ടാമത്തെ സംഭവത്തിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അത് വളരെ ഗൗരവമായിത്തന്നെ കണക്കിലെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ വികാരവും എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. സംഭവം അദ്ദേഹത്തിന്റെ പ്രദേശത്തായതുകൊണ്ടുള്ള വികാരവും എനിക്ക് മനസ്സിലാകുന്നുണ്ട്. ഒരു തൊഴിലെടുക്കാനുള്ള സ്വാതന്ത്ര്യംപോലുമില്ലാത്ത ഒരു നടപടി കൂടിയാണിതെന്നുള്ളതാണ് നിർഭാഗ്യകരമായ സ്ഥിതി. ഏതായാലുംശരി ഇതിൽ പാർട്ടി പരിഗണനയില്ലാതെതന്നെ ഈ കൊലപാതകം നടത്തിയതാരാണെന്ന് കണ്ടുപിടിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly